# PARAMPUZHA
# ST. STEPHEN'S CHURCH



**പാ**റമ്പുഴയിൽ മോർ സ്തേഫാനോസ് സഹദായുടെ നാമത്തിൽ ഒരു പള്ളി സ്ഥാപിക്കുന്നതിന് 1110 കന്നി മാസം 4–ാം തീയതി (1934 സെപ്റ്റംബർ 20–ാം തീയതി) പുന്നൻ ഇട്ടി ഐപ്പ് വടക്കേതുരുത്തേൽ തിരുവിതാംകൂർ മഹാരാജാവിന് നൽകിയ അപേക്ഷപ്രകാരം 1110 വൃശ്ചികം 29–ാം തീയതി (1934 ഡിസംബർ 10–ാം തീയതി) രാജാവിനുവേണ്ടി ദിവാൻ മുഖാന്തരം അനുമതി നൽകി. ഈ അനുമതിപ്രകാരം പള്ളി സ്ഥാപിക്കുന്നതിനുള്ള സ്ഥലം ഉടമകളായ വടക്കേതുരുത്തേൽ പുന്നൻ ഇട്ടി ഐപ്പും മാതാവ് ചേച്ചമ്മയുംകൂടി 1110 മകരം 27–ാം തീയതി (1935 ഫെബ്രുവരി 10ന്) മൈലപ്പള്ളി യക്കോബ് കശ്ശിശയ്ക്ക് 25 സെന്റ് സ്ഥലവും അനുമതിപത്രവുംകൂടി 275 രൂപാ വിലയ്ക്ക് ഇടവകയ്ക്കുവേണ്ടി തീറാധാരം നടത്തിക്കൊടുത്തു. 1110 കുംഭമാസം 26–ാം തീയതി ആദ്യമായി ഈ ദേവാലയത്തിൽ വിശുദ്ധ കുർബ്ബാന അർപ്പിക്കുവാൻ സാധിച്ചു.

ആദ്യകാല വികാരിയായിരുന്ന അന്തരിച്ച ദിവ്യശ്രീ മൈലപ്പള്ളിൽ യാക്കോബ് കശീശ 1967 വരെ ഈ പള്ളിയുടെ വികാരിയായിരുന്നു. പള്ളിക്ക് നിലവിൽ രണ്ട് കുരിശിൻതൊട്ടികളുണ്ട്. ഇവ യഥാക്രമം താഴത്തങ്ങാടി ഐരിക്കുഴി കുഞ്ഞും, താഴ്ത്തിക്കര അറുപറയിൽ മാത്തുക്കുട്ടിയും സംഭാവന ചെയ്ത സ്ഥലങ്ങളിലാണ്. ഈ പള്ളിയുടെ സ്ഥാപകനായ മൈലപ്പള്ളിൽ യാക്കോബ് കശീശയുടെ ഓർമ്മ എല്ലാ വർഷവും മാർച്ച് 15 ന് ഇടവക സമുചിതമായി ആചരിക്കുന്നു. ഈ ദേവാലയം ദിവ്യശ്രീ. ഫാ. ഏബ്രഹാം കോതകേരിൽ വികാരിയായിരുന്ന കാലഘട്ടത്തിൽ പുതുക്കി പണിതു. പള്ളിപണിക്കു വേണ്ടി പ്രത്യേക കമ്മറ്റി രൂപീകരിച്ച് പൊതുജനങ്ങളിൽ നിന്ന് സംഭാവന സ്വീകരിച്ചിരുന്നു. പിന്നീട് 2005–ൽ പള്ളിയുടെ മദ്ബഹാ പരിഷ്ക്കരിച്ച് പണിയുകയും 2005 മേയ് 28, 29 തീയതികളിൽ പള്ളിയുടെ മൂറോൻ കൂദാശ കോട്ടയം ഭദ്രാസന മെത്രാപ്പോലീത്ത നി.വ.ദി.ശ്രീ. തോമസ് മോർ തീമോത്തിയോസ് തിരുമേനി നിർവ്വഹിക്കുകയും ചെയ്തു. ഇതിന്റെ കൂടെ മനോഹരമായ ഇടവക ഡയറക്ടറി പ്രകാശനം ചെയ്തു.

ഈ ദേവാലയത്തിൽ വിശുദ്ധ ഗീവർഗീസ് സഹദായുടെ പെരുനാൾ മേയ് മാസത്തിലും, പരുമല കൊച്ചു തിരുമേനിയുടെ പെരുനാൾ നവംബറിലും വിപുലമായ പരിപാടികളോടെ നടത്തുന്നു. ഇപ്പോൾ പള്ളിയിൽ ഇടവക്കാരെ നാല് ഗ്രൂപ്പുകളായി തിരിച്ച് പ്രാർത്ഥനായോഗം നടത്തുന്നു. ഈ പള്ളി ഇടവകാംഗം ഫാ. സഖറിയ മൈലപ്പള്ളിൽ ചെങ്ങളം സെന്റ് തോമസ് പള്ളി വികാരിയായി സേവനം അനുഷ്ഠിക്കുന്നു. ഈ ദേവാലയത്തിന്റെ ഇപ്പോഴത്തെ വികാരി ഫാ. ജെ. മാത്യു മണവത്ത് ആണ്. പ്രധാന പെരുനാൾ (മാർ സ്തേഫാനോസ് സഹദായുടെ ഓർമ്മപ്പെരുനാൾ) ജനുവരി 7, 8 തീയതികളിൽ നടത്തിവരുന്നു.

ഈ ഇടവകയിൽ ആരാധന നടത്തിയ വൈദികർ ഫാ. ജോസഫ് മണലേൽ, ഫാ. മാണി കല്ലാപ്പുറത്ത്, ഫാ. കുര്യാക്കോസ് കറുകയിൽ, ഫാ. ബേബി ജെ. പോത്താറ, ഫാ. മാത്യൂസ് വടക്കേടത്ത്, ഫാ. ഏബ്രഹാം കോതകേരിൽ, ഫാ. ജോർജ്ജ് ജേക്കബ് കോട്ടപ്പറമ്പിൽ, ഫാ. തോമസ് കുളത്തുങ്കൽ, ഫാ. മർക്കോസ് മല്ലുകാട്ട് ഫാ. ഗീവർഗീസ് ചട്ടത്തിൽ, ഫാ. എം.പി. ജോസ് വടവുകോട്, ഫാ. യൂഹാനോൻ വേലിക്കകത്ത്, ഫാ. ഗീവർഗീസ് തേക്കാനത്ത്, ഫാ. കുര്യാക്കോസ് കാലായിൽ എന്നിവരാണ്. ഇപ്പോൾ ഫാ. മാത്യൂസ് മണവത്ത് വികാരിയായി സേവനമനുഷ്ഠിക്കുന്നു. ഈ ദേവാലയത്തിൽ 36 ഇടവകക്കാരുണ്ട്.

*Source: Kottayam Diocese Souvenir, 2007*

SyrianChurch.org